## പതിമൂന്നാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 736** **30/06/2011-ൽ മറുപടിക്ക്**

### പത്താം ക്ലാസിലെ പരിഷ്കരിച്ച സാമൂഹ്യ ശാസ്ത്ര പാഠപുസ്തകം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>'' കെ. കുഞ്ഞിരാമൻ (ഉദുമ):<br>'' പുരുഷൻ കടലുണ്ടി :<br>'' ആർ. രാജേഷ്: | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | പത്താം ക്ലാസ്സിലെ പരിഷ്കരിച്ച സാമൂഹ്യശാസ്ത്ര പാഠപുസ്തകമോ അതിൽ ഏതെങ്കിലും ഭാഗമോ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി ഏതെങ്കിലും സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | എ) | പത്താം ക്ലാസിലെ പരിഷ്ക്കരിച്ച സാമൂഹ്യശാസ്ത്ര പാഠപുസ്തകമോ അതിൽ ഏതെങ്കിലും ഭാഗമോ പിൻവലിക്കാൻ നിലവിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.<br>ഈ പാഠപുസ്തകത്തിലെ ഒന്നാം അദ്ധ്യായമായ ' ആധുനിക ലോകത്തിന്റെ ഉദയ'ത്തെപ്പറ്റി കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ (KCBC) 2011 മെയ് 23 ന് ബഹു. വിദ്യാഭ്യാസ മന്ത്രിക്കു പരാതി നൽകിയിരുന്നു. ഇതേപ്പറ്റി പരിശോധിക്കാൻ മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.ഡി. ബാബുപോൾ ചെയർമാനും ഹിസ്റ്ററി റീഡറും മുൻ ആർക്കൈവ്സ് ഡയറക്ടറുമായ ഡോ. റെയ്മോൻ എസ്. അംഗവുമായി സമിതിയെ നിയോഗിച്ചിരുന്നു. ഈ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) | പ്രസ്തുത പുസ്തകം പരിഷ്കരിച്ച സാമൂഹ്യശാസ്ത്ര വിദഗ്ദ്ധരും അദ്ധ്യാപകരും അടങ്ങുന്ന കരിക്കുലം കമ്മിറ്റിയോട് ഈ ആവശ്യം സംബന്ധിച്ച് അഭിപ്രായം ആരായുകയുണ്ടായോ ; | ബി) | ഈ ആവശ്യത്തെപ്പറ്റി കരിക്കുലം കമ്മറ്റിയുടെ അഭിപ്രായം ആരാഞ്ഞിട്ടില്ല. |
| സി) | പരിഷ്കരിച്ച പാഠപുസ്തകത്തിലെ ഏത് പരാമർശം സംബന്ധിച്ചാണ് പരാതി ഉന്നയിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | സി) | പരിഷ്ക്കരിച്ച പാഠപുസ്തകത്തിലെ ഒന്നാം അദ്ധ്യായത്തിലെ ''ആധുനിക ലോകത്തിന്റെ ഉദയം '' എന്ന പാഠഭാഗത്തെ കുറിച്ചാണ് പരാതി ഉന്നയിച്ചിട്ടുള്ളത്. |

(.....2)

ഡി) പരാതിയെക്കുറിച്ച് പരിശോധിക്കാൻ മറ്റേതെങ്കിലും കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ കമ്മിറ്റിയിൽ തുടരാൻ ആരെങ്കിലും വിസമ്മതം പ്രകടിപ്പിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഡി) 2011 മെയ് 26 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(സാധാ.) 1935/2011/പൊ.വി.വ. പ്രകാരം മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ബാബുപോൾ ചെയർമാനായും ചരിത്ര വിദഗ്ധനായ ശ്രീ.എം.ജി.എസ്. നാരായണൻ, ഹിസ്റ്ററി റീഡറും മുൻ ആർക്കൈവ്സ് ഡയറക്ടറുമായ ഡോ. റെയ്മോൻ എസ്. എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റിയെ ഈ പരാതി പരിശോധിക്കാൻ നിയോഗിച്ചിരുന്നു. എന്നാൽ ശ്രീ.എം.ജി.എസ്. നാരായണനെ അദ്ദേഹത്തിന്റെ താല്പര്യ പ്രകാരം പ്രസ്തുത കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ